


# COTTON епоха

A DIGITAL MAGAZINE BY THE LITTLE KITES OF GOVT.HIGHER SECONDARY SCHOOL FOR GIRLS COTTONHILL

LK/2018/43085

G.H.S.S FOR GIRLS COTTON HILL
THIRUVANANTHAPURAM

little KITEs

# ആശംസകളോടെ......



PREETHA K L
PRINCIPAL



RAJASREE J
PRINCIPAL HM



WINSTY C M
ADDITIONAL HM



JAYA S
SCHOOL CHIEF SITC

# EDITORIAL BOARD

## Chief Editors:



Amina Roshni E



Manju M K

## Student Editors



SHRUTHY SANTHOSH



ANAGHA K RAMANAN



GADHA P Y



GAZAL K K



ANAGHA SURESH

LK/2018/43085




# Des éditeurs

ഭൂതകാലത്തിന്റെ കനൽച്ചൂട്ടുകൾ
തെളിച്ചുകൊണ്ട്
വർത്തമാനത്തിന്റെ
പന്ഥാവിലൂടെ പ്രയാണം ചെയ്ത
അറിവിന്റെ വാതായനങ്ങൾ
തുറക്കുന്ന ഒരു കൂട്ടം
വിദ്യാർത്ഥിനികൾ; കുട്ടിക്കൂട്ടം
നവംനവങ്ങളായ സാങ്കേതിക
ജ്ഞാനം തീർക്കുന്ന
സരണിയിലൂടെ യാത്ര
ചെയ്യുമ്പോൾ അറിവിടങ്ങൾക്കു
പുത്തൻ തിളക്കം. കുട്ടിപ്പട്ടങ്ങൾ
പറന്നുയരുകയാണ്.
ഭിന്നങ്ങളായ ആശയങ്ങൾ
കൊണ്ട് ചിന്തേരിട്ട ചിന്തകൾ
കൊണ്ട് തീർത്തിരിക്കുന്നതാണ്
**cotton eпoxa** എന്ന ഈ
ഡിജിറ്റൽ താളുകൾ .

LK/2018/43085

Cotton Enoxu

# താളുകൾ മറിക്കുമ്പോൾ ............


Behind the name
Documentation
ഇ-ഇലക്ഷൻ
കുട്ടിപ്പട്ടങ്ങൾ ശിശുവിഹാറിലേക്ക്
SCAN ME!
ഡിജിറ്റൽ പൂക്കളം
സ്മാർട്ടമ്മ
ഓണച്ചങ്ങാതി
സൈബർ ലോകത്തെ അറിഞ്ഞ്
HELP DESK
അമ്മ മനസ്സ്
Pheonix
Alone
Angel Voice
Tiger
എന്തിനീ ക്രൂരത
Guitar
Being a little kite
Cry
Mickey lens
The Girl
കൊലയാളിയാകുന്ന ലഹരി
Flower
എതിർപ്പ്
Dusk till dawn
കുസൃതിക്കാരനായ കിച്ചു
വൃദ്ധർ സമൂഹത്തിന്റെ സമ്പത്ത്
The Nightingale
ജലം അമൃതാണ്
തൂവൽ ഒരു പറവയാണ്
Mango Tree
Girl with an umbrella
എന്റെ അമ്മ
Farewell
Friendship : A miracle
Fruit of crookdeness
ഗാന്ധിജി അപ്പൂപ്പൻ
Grow more
Here it comes
ഇന്ത്യയും ചന്ദ്രനും
Jonathan livingston seagull
കടൽ
മഴ
Music effects on human body
നെല്ല്
നൊമ്പരമാണെന്റെ ബാല്യം
Mindsparkler
ഓർമ്മയാകുന്നു
സംഖ്യ
Power of friendship
പ്രളയകാലം കടന്ന്
പ്രണയം
Promise
ശേഷം
Lost!
She was mine
Space on wheels
ശുചിത്വ ഭാരതം
Digital paintings
CARPE DIEM


LK/2018/43085




Epoch- a particular period of time in history or on a person's life.

The most memorable time in a person's life is his/her school life. On the journey of finding a good, rare and unique name for our magazine we found this amazing word which is epoch. After a lot of researches and all we found a word with the same meaning of epoch in Ukrainian language, EPOKHA. When it's written in ukrainian language it looks like **епоха** so we thought of changing of our name into COTTON **епоха**

# DOCUMENTATION

ഓരോ ദിവസവും പുതിയ അനുഭവങ്ങളിലൂടെയാണ് നാം കടന്നു പോകുന്നത്. സ്കൂളിൽ നടക്കുന്ന വിവിധ പാഠ്യ-പാഠ്യേതര പ്രവത്തനങ്ങളുടെ ഡോക്യുമെൻ്റേഷൻ ലിറ്റൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു . ഇതു സ്കൂൾ വിക്കിയിൽ കൃത്യമായി അപ്ലോഡു ചെയ്തുവരുന്നു . ഡോക്യുമെന്റേഷനായി DSLR ക്യാമറ പ്രയോജനപ്പെടുത്തി വരുന്നു.

https://schoolwiki.in/ഗവൺമെ ൻ്റ്,_ഗേൾസ്_എച്ച്.എസ്._എസ്_,കോട്ടൺഹിൽ

സ്കൂളിലെ ഐ റ്റി ക്ലബ്ബിന്റെ നേതൃത്വത്തിൽ cottonhillit.blogspot.com എന്ന ബ്ലോഗ് ആരംഭിച്ചു. സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ ,കുട്ടികളുടെ മികവുകൾ എന്നിവ ബ്ലോഗിൽ ഉൾപ്പെടുത്തിവരുന്നു. സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിനു ബ്ലോഗ് വളരെയധികം സഹായിക്കുന്നു https://cottonhillit.blogspot.com/



ലിറ്റിൽ കൈറ്റ്സ്... സ്കൂളുകളിലെ ഏറ്റവും വലിയ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങളായ കോട്ടൺഹിൽ സ്കൂളിലെ വിദ്യാർത്ഥിനികൾ ഗുരു ഗോപിനാഥ് നടനഗ്രാമത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടൺഹിൽ ഹയർ സെക്കൻഡറി സ്കൂളിൽ ആരംഭിച്ച കേരളനടനം പരിശീലന കേന്ദ്രത്തിന്റെ ഉദ്ഘാടന ചടങ്ങുകൾ ഡോക്യുമെന്റ് ചെയ്യുന്നതിന്റെ ഭാഗമായി കാമറയിൽ ചിത്രങ്ങൾ പകർത്തുന്നു
ഫോട്ടോ: സുഭാഷ് കുമാരപുരം





# E-ELECTION

സെപ്റ്റംബർ 23 ന് സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തിപ്പിനെക്കുറിച്ച് അധ്യാപകർക്കുവേണ്ടി പ്രത്യേക പരിശീലനം നൽകി. ഈ വർഷം സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് ഇ-ഇലക്ഷനായി നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. സ്കൂളിലെ ഈ വർഷത്തിലെ ഇലക്ഷൻ ഹൈടെക്ക് സംവിധാനം ഉപയോഗിച്ച് സമ്മതി സോഫ്റ്റ് വെയറിന്റെ സഹായത്തോടെ നടത്തി .സ്കൂളിലെ 98 ക്ലാസുകളിലും ഈ സംവിധാനമാണ് ഉപയോഗിച്ചത്. പൊതു തിരഞ്ഞെടുപ്പിന് ഉപയോഗിക്കുന്ന മഷി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കുട്ടികൾക്കായി ഒരുക്കിയിരുന്നു. കുട്ടികൾക്കും അധ്യാപകർക്കും ഒരു പുതിയ അനുഭവമായിരുന്നു ഇ- ഇലക്ഷൻ കാഴ്ചവെച്ചത് .ബാലറ്റ് പേപ്പറുകൾ ഒഴിവാക്കാനായതിനാൽ ഹരിത ചട്ടം പാലിക്കാനും ഇലക്ഷൻ കാര്യക്ഷമമായി നടത്താനും കഴിഞ്ഞു.


https://www.youtube.com/watch?v=ejd72b9BJ1w





# 'കുട്ടിപ്പട്ടങ്ങൾ ശിശുവിഹാർ സ്കൂളിലേക്ക്'

ഐ ടി ലോകത്തെ നവീന സാങ്കേതികവിദ്യകൾ ലിറ്റിൽ കൈറ്റ്സിലൂടെ ഞങ്ങൾ അറിഞ്ഞുവരികയാണ് . ഈ  അറിവുകൾ സമൂഹത്തിലേക്ക് പകർന്നു നൽകുക എന്ന ഉദ്ദേശത്തോടുകൂടി ലിറ്റൽ കൈറ്റ്സിലെ ആദ്യ ബാച്ചിലെ കുട്ടികൾ തുടങ്ങി വെച്ച പരിപാടിയാണ്  'കുട്ടിപ്പട്ടങ്ങൾ ശിശുവിഹാർ സ്കൂളിലേക്ക്' എന്നത്. ഇതിനായി ശിശുവിഹാർ സ്കൂളിൽ നിന്നും തിരെഞ്ഞെടുത്ത 2 കുട്ടികൾക്ക്  ബുധനാഴ്ച ദിവസങ്ങളിൽ ക്ലാസുകൾ നൽകി വരുന്നു. ആദ്യ ബാച്ചിലെ ലിറ്റൽ കൈറ്റ്സ് അംഗങ്ങൾ അനിമേഷൻ , പ്രോഗ്രാമിങ് എന്നിവയിൽ പരിശീലനം നൽകി വരുന്നു.




# SCAN ME!

ക്യൂ ആർ കോഡ്  എന്ന നൂതന സാങ്കേതിക വിദ്യ പാഠ്യ-പഠ്യേതര പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയാണ് ജി ജി എച് എസ് എസ് കോട്ടൺ ഹിൽ.പൊതു വിദ്യഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പാഠപുസ്തകങ്ങളിൽ ക്യൂ ആർ കോഡ് നിലവിൽ ഉപയോഗിച്ചുവരുന്നു ഇതിന്റെ പശ്ചാത്തലത്തിൽ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് സ്കൂൾ പരിസരത്തെ മരങ്ങൾക്കും നക്ഷത്രവനത്തിനും മറ്റു സസ്യലതാദികൾക്കും ക്യൂ ആർ കോഡ് നൽകാൻ തീരുമാനിച്ചു. പ്രസ്തുത ക്യൂ ആർ കോഡിൽ സസ്യത്തിന്റെ പ്രാദേശിക നാമം ,ശാസ്ത്രീയ നാമം ,ചിത്രങ്ങൾ , ഔഷധ ഗുണങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി .ഈ പ്രവർത്തനത്തിന്റെ മാതൃക ചുവടെ ചേർത്തിരിക്കുന്നു .പ്രസ്തുത QR കോഡുകൾ ബഹു: ഇക്കോ ക്ലബ് ജില്ലാ കോർഡിനേറ്റർ ശ്രീ.അജിത്കുമാർ നിർവഹിച്ചു. ഇരുന്നൂറ്റി അമ്പതിൽ പരം  സ്കൂളിലെ മരങ്ങൾക്ക് QR കോഡ് നൽകുന്ന പ്രവർത്തനം നടന്നു വരുന്നു.

# ഡിജിറ്റൽ പൂക്കളം


ഓണാഘോഷപരിപാടികളുടെ ഭാഗമായി സ്കൂളിൽ ഡിജിറ്റൽ പൂക്കള മത്സരം സെപറ്റംബർ രണ്ടാം തീയതി ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.











# കോട്ടൺഹിൽ സ്കൂളിലെ അമ്മമാർ ഇനി സ്മാർട്ടമ്മമാർ

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പഠനരീതിയിൽ വന്ന മാറ്റങ്ങൾ അമ്മമാർക്ക് പരിചയപ്പെടുത്തി ജി ജി എച്ച് എച്ച് എസ് എസ് കോട്ടൺഹിൽ. ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി സ്കൂളിൽ സംഘടിപ്പിച്ച സ്മാർട്ടമ്മ എന്ന പരിപാടിയിലൂടെ അമ്മമാർക്ക് കുട്ടികൾ തന്നെയാണ് പുത്തൻ പഠന രീതിയെക്കുറിച്ച് അവബോധം നൽകിയത്. അമ്മമാർക്ക് വിദ്യാഭ്യാസരംഗത്തെ നൂതന സാങ്കേതിക വിദ്യകൾ അറിയാൻ ഇതിലൂടെ അവസരം ലഭിച്ചു.




പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ ഹൈടക്ക് ആയി മാറി. കൂടാതെ 9, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ ക്യൂ ആർ കോഡുകൾ ഉപയോഗിച്ച് മാറ്റം വന്നു കഴിഞ്ഞു. കൂടാതെ അധ്യാപകർ സമഗ്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് പാഠാസൂത്രണം നടത്തുകയും, ക്ലാസുകൾ കൈകാര്യം ചെയ്യുകയും ചെയ്യുന്നു. ഇതിനെത്തുടർന്ന് വിദ്യാർത്ഥിനികളുടെ അമ്മമാർക്ക് പഠന രീതിയിൽ വന്ന മാറ്റങ്ങൾ പരിചയപ്പെടുത്തുന്ന പരിപാടിയാണ് സ്മാർട്ട് അമ്മ. കോട്ടൺഹിൽ സ്കൂളിൽ സ്മാർട്ട് അമ്മ എന്ന പരിപാടി 30.10.2019 ന് നടന്നു. സ്കൂളിലെ ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ നേതൃത്വത്തിലാണ് പരിപാടി നടപ്പിലാക്കിയത്. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി. രാജശ്രീ പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തു. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് മാരായ ശ്രീമതി . അമിനാറോഷ്നി , ശ്രീമതി . മഞ്ജു എം കെ എന്നിവർ നേതൃത്വം നൽകി. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ അനഘ കെ. രമണൻ, ശ്രുതി സന്തോഷ് , എം എസ് റാണി ലക്ഷ്മി എന്നിവർ വിവിധ ക്ലാസുകൾ കൈകാര്യം ചെയ്തു. അമ്മമാരുടെ രജിസ്ട്രേഷൻ , ക്യൂർ കോഡ് സ്കാനിംഗ് എന്നിവയ്ക്ക് മറ്റു ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ ഗാഥ , ഗസൽ, ഗൗരി, അനുപമ, നിവേദിത, മീരാ ഭാരതി, ഇന്ദ്രജ, അക്ഷയ ലക്ഷ്മി , അനഘ സുരേഷ് തുടങ്ങിയവർ സഹായിച്ചു. സ്കൂൾ പി.റ്റി.എ , മറ്റു അധ്യാപകർ എന്നിവരുടെ പൂർണ്ണ പിൻതുണയോടു കൂടിയാണ് ഈ പരിപാടി വിജയിപ്പിച്ചത്. മാറിയ പഠനരീതി , ഹൈടക്ക് ക്ലാസുകൾ , സമഗ്ര , വിക്ടേഴ്സ് ചാനൽ ,സ്കൂൾ വിക്കി , സൈബർ സുരക്ഷ എന്നിവ അമ്മമാർക്ക് പരിചയപ്പെടുത്തി.

# ഓണച്ചങ്ങാതി

ഭിന്നശേഷിക്കാരായ കുട്ടികളിൽ ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നടത്തിവരുന്ന ശിവപ്രിയയുടെ വീട്ടിൽ സ്കൂളിലെ HM ശ്രീമതി രാജശ്രീ ടീച്ചർ, റിസോഴ്സ് അദ്ധ്യാപിക കൃഷ്ണ ടീച്ചർ, ജയ ടീച്ചർ, എന്നിവരുടെ നേതൃത്വത്തിൽ സന്ദർശനം നടത്തി. എല്ലാ വർഷത്തെയും പോലെ സ്കൂളിന്റെ ഓണസമ്മാനം ഓണക്കിറ്റ് പുത്തനുടുപ്പ് ഇവയൊക്കെ നൽകി എന്നാൽ ഇ വർഷം LITTLE KITE അംഗങ്ങൾ ഒപ്പം പോകുകയും ശിവപ്രിയ മോൾക്ക് ഡിജിറ്റൽ പൂക്കളം പരിചയപ്പെടുത്തുകയും ചെയ്തു. അവൾ ഒരു ഡിജിറ്റൽ ഡിജിറ്റൽ പൂക്കളം നിർമിച്ചു. അവളുടെ പറഞ്ഞറിയിക്കാൻ ആവാത്തതാണ്.ഞങ്ങൾക്ക് little kites ലൂടെ ലഭിച്ച അറിവുകൾ പറഞ്ഞു കൊടുക്കാൻ ആയതിൽ ഞങ്ങൾ അതിയായി സന്തോഷിക്കുന്നു







# സൈബർ ലോകത്തെ അറിഞ്ഞ്

സൈബർ ലോകത്തോട് ഏറ്റവും കിടപിടിക്കുന്നവരാണ് ലിറ്റൽ കൈറ്റ്സിലെ കുട്ടുകാർ . അതിനാൽ  സൈബർ ലോകത്തിലെ കുറ്റകൃത്യങ്ങളെ പറ്റിയും ലിറ്റൽ കൈറ്റ്സ് അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ് .ലോക കമ്പ്യൂട്ടർ സുരക്ഷാ ദിനത്തിന്റെ പ്രാധാന്യം ലിറ്റൽ കൈറ്റ്സിലെ കുട്ടുകാർക്കിടയിൽ അറിയിക്കുവാനും മറ്റുള്ളവർക്ക് പങ്കിടാനും നവംബർ 30 ന് ലിറ്റൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഒരു സൈബർ സുരക്ഷാ ക്ലാസും ഇന്റർ -സ്കൂൾ  ക്വിസ് മത്സരവും നടത്തി . പോലീസ് ഡിപ്പാർട്ട്മെന്റിലെ  ഐ സി റ്റി  വിഭാഗത്തിലെ ഇന്റർപോൾ ട്രെയിനിങ് ലഭിച്ച ശ്രീ.ജോഷി ,ശ്രീ.സിറാജുദീൻ എന്നിവർ ക്ലാസുകൾ നയിച്ചു . ക്വിസ് മത്സരത്തിൽ മോഡൽ സ്കൂൾ ഒന്നാം സമ്മാനമായ 2500/- രൂപ കരസ്ഥമാക്കി. മണക്കാട് സ്കൂൾ രണ്ടാം സമ്മാനമായ 1500 /- രൂപയും കാർമേൽ സ്കൂൾ മൂന്നാം സമ്മാനമായ 1000 /- രൂപയും കരസ്ഥമാക്കി . വിജയികൾക്കുള്ള സമ്മാനങ്ങൾ സ്പോൺസർ ചെയ്തത് സ്കൂൾ മാനേജ്മന്റ് കമ്മിറ്റിയാണ്.



Cotton Enoxa

# കലയുടെ കേളികൊട്ടിൽ Little Kites ന്  എന്ത് കാര്യം?

കലയുടെ കേളികൊട്ടിൽ Little Kites ന്  എന്ത് കാര്യം എന്ന് ചോദിക്കുന്നവർക്കു ഒരു മറുപടിയാണ്  തിരുവനന്തപുരം സൗത്ത്  സബ് - ജില്ലാ കലോത്സവത്തിലെ ഹെൽപ്  ഡെസ്ക് . കലോത്സവ വേദിയിൽ അധ്യാപകർക്കും മത്സരാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും ഒരുപോലെ സഹായകമായിരുന്ന ഹെല്പ് ഡെസ്ക് .

കലോത്സവവേദികൾ, അറിയിപ്പുകൾ, സമയക്രമങ്ങൾ എന്നിവ അധ്യാപകർക്കും രക്ഷാകർത്തകൾക്കും   മത്സരാർത്ഥികൾക്കും അറിയുന്നതിനായി ഹെല്പ് ഡെസ്കിൽ  സൗകര്യമൊരുക്കിയിരുന്നു. കൂടാതെ കലോത്സവ വിവരങ്ങൾ കോർത്തിണക്കി കൊണ്ട്  ഗൂഗിൾ സൈറ്റിസിന്റെ സഹായത്തോടെ കലോത്സവത്തിനായി  ഒരു വെബ്സൈറ്റും നിർമ്മിച്ചു. ഇതു QR Code ആക്കി വിവിധ വേദികളിലും എൻട്രൻസുകളിലും പ്രദർശിപ്പിച്ചു .മത്സര ഫലങ്ങൾക്കായുള്ള സൈറ്റിൽ സ്കോർ എന്റർ ചെയ്യാനും ലിറ്റിൽ കൈറ്റ്സ് പിന്തുണ നൽകിയിരുന്നു. 4 ദിവസങ്ങളിലും ലിറ്റിൽ  കൈറ്റ്സിന്റെ  പൂർണ പിന്തുണ കലോത്സവത്തിനുണ്ടായിരുന്നു . മത്സരാർഥികളിൽ നിന്നും രക്ഷാകർത്താക്കളിൽ നിന്നും അധ്യാപകരിൽ നിന്നും വളരെ നല്ല അഭിപ്രായമാണ് ലഭിച്ചത്.

https://sites.google.com/view/tvm-south-kalolsavam/home






LK/2018/43085

Cotton Enoxa

# അമ്മ മനസ്സ്

നീള സാറ തോമസ്
X F



വെയിലിന്റെ നാളമായ്
കടലിന്റെ തീരമായ്
സ്നേഹം വിദൂരമായ്
അമ്മ മനസ്സിന്റെയുള്ളിൽ നിറയുന്നു.

പ്രണയമോ കാതലോ ഹൃദയമൊന്നരുള്ളുന്നു
അമ്മയെന്റെുള്ളിൽ നിറയുന്ന ദൈവമായ്..
മാതൃത്ത്വത്തിന്റെ കണ്ണുനീർ എന്റെ
ഹൃദയത്തിൽ
വീഴുന്നു,എന്നതു ഞാൻ കാണുന്നു ദൈവമേ...


കൈപ്പുനീർ തരുന്ന ലോകത്തെ
മധുരമാക്കി മാറ്റുമെൻ അമ്മ മനസ്സുണ്ട്
എന്നും എന്റെ കൂടെ എന്ന് അറിയുന്നു
ഞാനിന്ന്.......

കരയുന്നു...ഞാനിന്നാ അമ്മയെ
വൃദ്ധസദനത്തിൽ
കൊണ്ട് കളഞ്ഞിരുക്കുന്നു.
എന്നാലും ആ അമ്മ മനസ്സെന്നെ
സ്നേഹിക്കുന്നു..........

എൻ അമ്മയുടെ മനസ്സിന്റെ
കിളിവാതിൽ എന്നിട്ടും എനിക്കായ്
മലർക്കെ തുറന്നിരിക്കുന്നു.

LK/2018/43085

Cotton Enoxa




G.H.S.S FOR GIRLS COTTON HILL
THIRUVANANTHAPURAM

LK/2018/43085

little KITEs

# ALONE

I'm alone, in spite of love
in spite of all I take and give
in spite of all your tenderness
sometimes I'm not glad to live.

I'm alone, as though I stood
in the highest peak of the tired gray world
about me only swirling snow.

Above me, endless space unfurled
with earth hidden and heaven hidden
and only my own spirits pride
to keep me from the peace of those
who are not lonely, having died.

GOPIKA AJITH
IX B



# ANGEL VOICE

I always hear voices
that of a violin in my head
and another of an angel
she sings till I'm asleep
she sings a lullaby to me.

For as long as my eyes are open
she kisses my forehead
casting a spell on me
my eyes are closed as......

The spell moves through me
falling asleep
didn't know who she was
one day I'll know
somehow............

RIYA PINTO
X N

Cotton Enoxa



"All
You Need Is A
Clear
Vision And
A
Burning Desire"

LK/2018/43085

Cotton Enoxa

# എന്തിനീ ക്രൂരത?

സ്ത്രീകളായ് ജനിച്ചുപോയി എന്നൊരു തെറ്റുമാത്രം
ചെയ്തു നാം .
ഇനിയെത്ര ജീവിതം ഇനിയെത്ര കണ്ണുനീർ
കാണുവാൻ ജീവിക്കണം.
എന്തിനീ ക്രൂരതയേറിയ മനുഷ്യപിശാച്ചുക്കൾ
ജീവിക്കുന്നീ മണ്ണിൽ
ഇനിയെത്ര കാലമീ ജീവിതത്തിൽ
നരകയാതനയനുഭവിക്കാൻ
കൊടുംക്രൂരത നിറഞ്ഞൊരീ കർമ്മങ്ങൾ
നടത്തുന്നതെന്തിന് ?
എന്നും സ്ത്രീകൾ അടിമകളാകുമോ ?
കാമം നിറഞ്ഞ കഴുകൻ കണ്ണുകൾ നിറഞ്ഞൊരീ
ലോകത്തിൽ; സ്ത്രീകൾക്കെങ്ങനെ ജീവിക്കാനാകും?
പേടിച്ചലമുറയിട്ട നിലവിളിക്കാനല്ലാതെ എന്തു
ചെയ്യാനാകും
ദൈവത്തിന്റെ സ്വന്തം നാടായ ഈ
കേരളത്തനിമയെ
ഇല്ലാതാക്കാൻ ജനിക്കുന്ന കാമ കണ്ണുകളെ
എന്തിനീ ക്രൂരത................?

അനുഷ്യ എസ് ആർ
HA[1]

G.H.S.S FOR GIRLS COTTON HILL
THIRUVANANTHAPURAM

LK/2018/43085

Little KITEs




LK/2018/43085

# BEING A PROUD LITTLE KITE

It was a great honour for being a member of the 1st batch of Little Kites in our school. I was empty when I joined the group. But after getting the classes it made me something great. Before being a little kite, the only thing I know was to power on the computer and some other small things. It gave me a bright way to the technology world where I am now!

Our beloved Kite Mistresses Amina Roshni teacher and Manju teacher gave us all the support till the end of the batch and. Animation and video editing were some of my favorite sessions. From childhood, I was very interested in animation and it became true when I became a part of Little Kites. Other things involved in Little Kites were Making our mobile app, making games using scratch, electronics, etc., all these made me more curious to unfold the mysterious world of information technology. One of the most Awesome sessions, I liked throughout the year was setting up Raspberry pi. [**Raspberry Pi**]is a low cost, credit-card sized computer that plugs into a computer monitor or TV, and uses a standard keyboard and mouse.A We want to see the[**Raspberry Pi**]being used by kids all over the world to learn to program and understand how computers work.] Above all these I got a chance to attend the camp that became a turning point in my life.

“Little Reporters” nourished my passion for the field of reporting news and creating video documentation. Another was the sub-district camp from where I learned to use Blender to create 3D animation till that all my works were with Tupi Tube desk 2D animation. One of the hard phases we faced was to create a digital magazine. Making it were the days of hard work in a smart and digitalized way. As experience is, the best teacher” the experience I got from being Little Kites member helped me a lot to mold my passion and ambition.

Till I am a wonder kid in the world of modern technology. The doors to the world of technologies were opened for me by Little Kites.

M S RANILAKSHMI
X E


# CRY

As a beginner to my life
I started with a cry
while others were laughing at me
As a beginner to my life
I started with a cry
while others were criticising me

As a beginner to my love
I started with a cry
while others were making me alone
I thought that all were laughing at me,
when I was crying
but now I realised that the moment
When I cried I was winning.

Mehbooba Nourin
$CB_2$

Cotton Enoxa



LK/2018/43085

Cotton Enoxa



LK/2018/43085

# കൊലയാളിയാകുന്ന ലഹരി

കഴിഞ്ഞ 4 വർഷമായി കേരളത്തിൽ ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന പ്രധാനവിഷയമാണ്. എങ്ങനെ കുട്ടികളിൽ ലഹരി വസ്തുക്കൾ ലഭിക്കുന്നു ? അവർ എന്തിനത് ഉപയോഗിക്കുന്നു? ഇത് വാങ്ങുവാൻ പണം എവിടെ നിന്നും ലഭിക്കുന്നു? ഓരോ ചോദ്യത്തിനും ഉത്തരങ്ങൾ ലഭിച്ചുകൊണ്ടിരിക്കുമ്പോഴും അതേ സമയം വീണ്ടും ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നു, ഉചിതമായ ഉത്തരങ്ങൾ ലഭിക്കാത്ത ചോദ്യങ്ങൾ.


കുട്ടികൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നത് ദിനം പ്രതി വർദ്ധിച്ച് കൊണ്ടിരിക്കുകയാണ്. സ്വന്തം പ്രായം കണക്കിലാക്കാതെ ഇനിയുള്ള ഭാവിയെ ചിന്തിക്കാതെ തന്റെ ആരോഗ്യം നോക്കാതെ കുറച്ച് നേരത്തേക്കുള്ള സുഖത്തിനായ് അവർ ലഹരിവസ്തുക്കളെ ആശ്രയിക്കുന്നു. ആൺക്കുട്ടികളിൽ മാത്രമല്ല പെൺ ക്കുട്ടികളിലും ഇല്ല ഇത് കണ്ടു വരുന്നു. രാത്രിയെന്നോ പകലെന്നോ ഇല്ലാതെ അവർ ലഹരി വസ്തുക്കളിൽ ആഴത്തിലുള്ള ബന്ധത്തിൽ ഏർപ്പെടുന്നു. ഒരിക്കലും അതിൽ നിന്നും മുക്തരാവാൻ കഴിയാത്ത വണ്ണം അവർ ഇതിന് അടിമപ്പെടുന്നു. ഒരു പക്ഷേ വീട്ടുകാർ അവരെ ശ്രദ്ധിച്ചിരുന്നെങ്കിൽ അവർക്ക് നേർവഴി പറഞ്ഞ് കൊടുത്തിരുന്നെങ്കിൽ അവർക്ക് പറയാനുള്ള കാര്യങ്ങൾ കേട്ടിരുന്നെങ്കിൽ അവർ ഈ ചതിക്കുഴിയിൽ വീഴുകയില്ലായിരുന്നു. മനസ്സിൽ ഭാരമുള്ളവരും ആരോടും ഇവ പറയാൻ കഴിയാത്തവരും ആണ് ഏറ്റവും കൂടുതൽ ഈ ലോകത്തിൽ എത്തപ്പെടുന്നത്.തെറ്റായ കൂട്ടുക്കെട്ടും ഇതിന് കാരണമാകുന്നു.
നാളത്തെ തലമുറയെ നശപ്പിക്കുന്നവയാണ് ഇവ. കുട്ടികൾ ലഹരിക്കടിമയായെങ്കിൽ അതിന് കാരണക്കാർ സമൂഹമാണ് അവരല്ല. സമൂഹത്തിന് അവരെ തിരുത്താനും ആകും എന്ന് നമ്മൾ ഓർക്കുക......

സൂര്യ എൽ എസ്
10 B




LK/2018/43085

# എതിർപ്പ്



"ഇന്നാണ് ഇന്റർവ്യൂ, ഈശ്വരാ നന്നാക്കിത്തരണേ...." രമേഷ് പ്രാർഥിച്ച് കൊണ്ട് പുറത്തേക്കിറങ്ങി. ആ സമയം പുറത്ത് നിന്ന് പനമ്പായിൽ നെല്ല് ചിക്കുന്ന അമ്മയോട് യാത്ര പറഞ്ഞ് അയാൾ വരമ്പത്തൂടെ നടന്നു. അപ്പോൾ അവിടത്തെ പ്രധാന മരംവെട്ടുകാരനായ കുഞ്ഞപ്പൻ ചേട്ടൻ അതുവഴി വരുന്നു. കൈയ്യിൽ പാമ്പിനെപ്പോലെ കയർ ചുറ്റി, ഒരു കൈയ്യിൽ കോടാലിയുമായാണ് കുഞ്ഞപ്പൻ ചേട്ടന്റെ വരവ്. രമേഷനെ കണ്ടതും കുഞ്ഞപ്പൻ ചേട്ടൻ ചോദിച്ചു, "എന്താ രമേഷേ..... ഇന്റർവ്യൂവിന് പോവുകയാണോ? " "അതെ" രമേഷ് പറഞ്ഞു. പക്ഷേ അതിന് ശേഷം രമേഷിന് ഒരു മനസമാധാനവും ഇല്ലായിരുന്നു. അയാൾ ഇങ്ങനെ ചിന്തിച്ച് കൊണ്ടിരുന്നു. പോകുന്ന വഴിക്ക് കയറും കോടാലിയുമാണ് എതിർപ്പ് കണ്ടത് എന്താകുമോ എന്തോ! ദൈവമേ കാത്തോളണേ!

രമേഷ് വളരെ നന്നായി ഇന്റർവ്യൂവിൽ പങ്കെടുത്തു വളരെ സന്തോഷവാനായി തിരികെ വരുന്ന സമയത്താണ് അയാൾ അതു ശ്രദ്ധിച്ചത്. ദൂരെ നിന്ന് വളരെ ശക്തിയായ പുക വരുന്നു ."ഈ നട്ടുച്ചനേരത്ത് ആരാ പുകയിടുന്നത് ? " അയാൾ സ്വയം ചോദിച്ചു. അപ്പോഴാണ് അയലത്തുകാരനായ വാസു ആ വഴി വന്നത്. രമേഷ് വാസുച്ചേട്ടനോട് ചോദിച്ചു " എങ്ങോട്ടാ വാസുച്ചേട്ടാ, ഇത്ര ദ്രുതിയിൽ ? " "ഓ അപ്പോ ഒന്നും അറിഞ്ഞില്ല? നമ്മുടെ മരം വെട്ടുകാരൻ കുഞ്ഞപ്പൻ മരിച്ചു.ഓ കഷ്ടം ! ഭാര്യയുടെയും രണ്ട് കുട്ടികളുടെയും കാര്യമാ കഷ്ടത്തിലായത്." "എങ്ങനയാ മരിച്ചെ?" രമേഷ് ചേദിച്ചു . "എന്നും പോകുന്നതുപോലെ പോയതാ, വഴിക്കെ വച്ച് കുഴഞ്ഞുവീണു . ആശുപത്രിയിൽകൊണ്ടുപോകുന്ന വഴിയിൽ അയാൾ തീർന്നു .ആരാണോ രാവിലെ അവന് എതിർപ്പ് വന്നത് ? " രമേഷ് ഒന്നു ഞെട്ടി.




G.H.S.S FOR GIRLS COTTON HILL
THIRUVANANTHAPURAM

LK/2018/43085

little KITEs

# കുസൃതിക്കാരനായ കിച്ചു

ഒരിടത്തൊരിടത്ത് ഒരു ചെറിയ ഗ്രാമമുണ്ടായിരുന്നു. ആ ഗ്രാമത്തിലെ ഒരു ചെറിയ വീട്ടിലായിരുന്നു കുസൃതിക്കാരനായ കിച്ചുവും അവന്റെ കുടുംബവും താമസിച്ചിരുന്നത്. അവൻ സഹിക്കാൻ കഴിയാത്ത കുസൃതികൾ കാട്ടുമായിരുന്നു. അങ്ങനെയിരിക്കെ കിച്ചുവിന്റെ സഹോദരിയായ മീനു ഒരു ദിവസം ചെടികൾ നട്ടുപിടിപ്പിക്കുകയായിരുന്നു. വളരെ അധികം ചെടികളെയും പൂക്കളെയും മരങ്ങളെയും എല്ലാം സ്നേഹിക്കുന്ന കൂട്ടത്തിൽ ആയിരുന്നു മീനു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ അവൾ നട്ടുപിടിപ്പിച്ച ചെടികളിൽ സുന്ദരമായ പൂക്കൾ നിറഞ്ഞു. അവൾ വളരെ അധികം സന്തോഷവതിയായി തീർന്നു. അപ്പോഴാണ് കുസൃതിക്കാരനായ കിച്ചു അവിടെ വിടർന്നു നിൽക്കുന്ന പൂക്കളെ കണ്ടത്. അവൻ ഒട്ടും തന്നെ മടിക്കാതെ ഓടിപ്പോയി ആ പൂക്കളെല്ലാം പറച്ച് താഴെയിട്ടു. വീടിന്റെ വാതിൽക്കൽ നിന്നും ഇറങ്ങിയ മീനു ഇത് കണ്ടു. അവൾ ഒന്നും പറയാതെ കരഞ്ഞ് കൊണ്ട് അടുക്കളയിൽ നിൽക്കുന്ന അമ്മയുടെ അടുത്തേക്ക് പോയി. അപ്പോൾ അമ്മ ചോദിച്ചു-
"എന്താ മോളെ മീനു, എന്ത് പറ്റി ?"
മീനു - "അമ്മേ ഞാൻ കഷ്ടപ്പെട്ടു വളർത്തിയ ചെടിയിലെ പൂക്കൾ എല്ലാം കിച്ചു പറിച്ചു കളഞ്ഞു."
അമ്മ - "അവൻ എത്ര പറഞ്ഞാലും കേൾക്കില്ല. എവിടെ അവൻ ? ഹും.."
"എന്താ അമ്മേ? " കിച്ചു പതുക്കെ കടന്നു വന്നു.
"നീ എന്തിനാ പൂക്കളെല്ലാം പറിച്ചു കളഞ്ഞത്? "അമ്മ ചോദിച്ചു.
"അയ്യോ അമ്മേ, ഞാൻ അല്ല! " - കിച്ചു പറഞ്ഞു.
അമ്മ- "കള്ളം പറഞ്ഞാൽ നിന്നെ ഞാൻ അടിക്കും. സത്യം പറയു."
കിച്ചു - "അതേ അമ്മേ ഞാനാ ചെയ്തത്"
അമ്മ - "അങ്ങനെ സത്യം പറ"
എന്നിട്ട് അവന്റെ അമ്മ അവനെ കുറേ വഴക്കു പറഞ്ഞു. ഉപദേശിക്കുകയും ചെയ്തു. എന്നിട്ടും അവൻ പഴയതുപോലെ തന്നെയായിരുന്നു.അവന്റെ കുസൃതി മാറ്റാനെ കഴിയില്ല.

ഫാത്തിമ എ
VIII N



# വൃദ്ധർ സമൂഹത്തിന്റെ സമ്പത്ത്

പ്രായമായവരെ കുടുംബങ്ങളിൽ നിന്നും പുറംതള്ളി വൃദ്ധസദനങ്ങളിലേക്കയക്കുന്നത് കുഞ്ഞുങ്ങളെ സ്കൂളിൽ ചേർക്കുന്നതുപ്പോലെ ലളിതവും സ്വാഭാവികവുമായ ഒരു നടപടിയായി ഇന്ന് മാറിയിരിക്കുന്നു. വളർച്ചയുടെ ഭാഗമായി ശരീരത്തിലും മനസ്സിലും സ്വാഭാവികമായി സംഭവിക്കുന്ന ജൈവമാറ്റമാണ് വാർദ്ധക്യം എന്ന സത്യം,പലപ്പോഴും നാം വിസ്മരിക്കുകയാണ്. വാർദ്ധക്യത്തെ അവഗണിക്കുന്ന മനോഭാവവും ഇന്ന് കൂടിവരികയാണ്. അതിലൂടെ സമൂഹത്തിന് നഷ്ടമാകുന്നത് ഒട്ടേറെ നന്മകളാണ്. അനുഭവങ്ങളുടെ വെളിച്ചത്താൽ പാകമായ നിർദ്ദേശങ്ങൾ നൽകാനും ചരിത്രത്തെ കുറിച്ചും പഴയകാല ജീവിതത്തെക്കുറിച്ചുമൊക്കെ അറിവുകൾ പകർന്നു നൽകാനും മുതിർന്നതലമുറയ്ക്കേ കഴിയൂ. അതുപോലെ അണുകുടുംബങ്ങളിലെ ഉത്കണ്ഠകും പ്രശ്നങ്ങൾ പങ്കുവയ്ക്കാൻ ആളില്ലാതെ സ്വയം ജീവിക്കേണ്ട അവസ്ഥയിൽ അനുഭവിക്കേണ്ടി വരുന്ന മാനസിക സംഘർഷത്തിനും മറ്റുമെല്ലാം മുതിർന്ന തലമുറയുടെ സാന്നിധ്യം ആശ്വാസകരമാണ്. അനുഭവസമ്പത്തും കൂടുതലുള്ള വൃദ്ധരെയാണ് പണ്ടുകാലത്ത് വിജ്ഞാനത്തിനും ഉപദേശത്തിനും സമൂഹം ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ അവരേ് സമീഹത്തിന്റെ അസ്ഥിയായി ആദരിക്കപ്പെട്ടിരിക്കുന്നു. ആ സംസ്കാരം തിരികെ തൊണ്ട് വരേണ്ടത് നമ്മുടെ കർത്തവ്യമാണ്. ഓരോ വൃദ്ധദിനവും വൃദ്ധരെ ആദരിക്കുന്ന ചടങ്ങ് മാത്രമായി ഒതുങ്ങിപ്പോവാതെ,അവർക്ക് വമൂഹത്തിൽ ഉണ്ടായിരുന്ന സ്ഥാനവും ആദരവും തിരികെ കൊണ്ട് വരാൻ ശ്രമിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണെന്ന് ഓർമ്മിപ്പിക്കട്ടെ.

നന്ദന എസ്
X B



# ജലം അമൃതാണ്,പാഴാക്കരുത്

ജലം അമൃതാണ്,അത് പാഴാക്കരുത്.ജലം ഇല്ലെങ്കിൽ ജീവനില്ല.ഇതുപോലുള്ള വാചകങ്ങൾ നാം നിത്യജീവിതത്തിൽ പലയിടത്തും കാണാറുണ്ട് .എന്നാൽ ഇവയൊക്കെ വെറും ബോർഡുകളായി തള്ളിക്കളയാറാണ് പതിവ്.

നമ്മുടെ സ്കൂൾ വാഷ് ഏരിയയിലും ശുചിമുറികളിലുമൊക്കെ ചുമരുകളിൽ മേൽപ്പറഞ്ഞ വാചകങ്ങൾദിവസവും കാണാറുണ്ട്.കൽക്കരികൊണ്ട് വിനോദത്തിന് എഴുതിയതാകാം എന്നാണ് ഞാനും അതിനെ കണക്കാക്കിയിരുന്നത് അങ്ങനെതന്നെ.എന്നാൽ ഉച്ചക്കും ഇൻടവൽ സമയളിലും മറ്റും കുട്ടികൾ വെള്ളത്തിനായി നിരന്നുനിൽക്കുന്നത് ഹൈസ്കൂൾ ഹയർസെക്കൻഡറി ബ്ലോക്കുകളിൽ പതിവുകാഴ്ച്ചയാണ്. ടോയിലറ്റിൽ വെള്ളമില്ല എന്ന കാരണത്താൽ പലരും ആ പ്രദേശത്തോട്ടുതന്നെ പോകാറില്ല. കുടിവെള്ളത്തിന്റെ ബോട്ടിൽ എടുത്തുകൊണ്ടുമാത്രമെ കുട്ടികൾ കൈ കഴുകുവാൻ പൊകാറുള്ളു. ആറ് സമയത്തെക്ക് കരുതുന്ന വെള്ളം മുക്കാൽ ഭാഗത്തോളം അവിടത്തന്നെ തീരുന്നു.ഈ കാഴ്ച്ചകൾ മുൻപ് സുചിപ്പിച്ചവാക്യങ്ങളെ ഓർമ്മപെടുത്തുന്നതാണ്.

കഴിഞ്ഞ വർഷം ജലലഭ്യതകുറച്ചുകൂടിമെച്ചപ്പെടുത്തിയിരുന്നു എന്നാണ് എന്റെ നിഗമനം ഓഡിറ്റോറിയത്തിന് സമീപമുള്ള വാഷ് ഏര്യയിലെ കുട്ടികളുടെ വിനോദപരിപാടി മറ്റുള്ളവരുടെ മേൽ വെള്ളം കുടയുന്നതാണ്. ഒരു കൈക്കുള്ളിൽ തികയുന്ന വെള്ളമാണ് കുട്ടികൾ പാഴാക്കുന്നത്. അങ്ങനെ ഒരു ദിവസം ഏത്രയോ കൈകൾ, എത്രയോ കുട്ടികൾ, അങ്ങനെ എത്ര മാത്രം പക്ഷെ വെള്ളമൊ........

പലതുള്ളി പെരുവെള്ളം എന്നല്ലേ! ജലദൗർലഭ്യത്തിന്റെ ഭീകരാവസ്ഥ നാം ഇന്നിതുവരെ മനസ്സിലാക്കിയിട്ടില്ല. വെള്ളം നാം കുടിക്കാൻ മാത്രമണോ ഉപയോഗിക്കുന്നത് ? നമുക്ക് ഭക്ഷണം തന്നുവിടുന്നു. കുളിച്ച് സുന്ദരിയായി സ്കൂളിൽ വരാനുമൊക്കെ വെള്ളം വേണ്ടേ?.വെള്ളമില്ലാത്ത ഒരു ദിവസം, അല്ല, ഒരു നിമിഷം പോലും ആലോചിക്കാനാവില്ല. മനുഷ്യന്റെ സർവപ്രവർത്തികളും ജലം എന്ന വസ്തുവിനെ ചുറ്റിപറ്റിയാണ്. ജലം അമൃതാണ് അത് പാഴാക്കരുത്.

മരിയാ പോൾ
X N

# തൂവൽ ഒരു പറവയാണ്!

ആര്യ ബിനു
X B


ഒരു തൂവലെന്നാൽ
ഒരു പറവതന്നെയല്ലേ?
പറക്കലിൽ
പിറവിയെടുക്കുന്ന ഒന്ന്.
ഒരേ ചിറകിന്റെ ചൂടിൽ നിന്നും
ആകാശത്തിന്റെ വന്യതയിലേക്ക്
ഒരു പാലായനമാണ്.
കാട്ടിൽ ഒറ്റക്ക് ഇലകളിൽ ചുംബിച്ച്.
പച്ചയുടെ ചിറകാകാനുള്ള കുതിപ്പ്
കടലിനെ മുറിച്ച് പറന്നതിന്റെ
അടങ്ങാത്ത കോരിത്തരിപ്പ്
ഓരോ അനക്കത്തിലും
ചേർത്ത് വയ്ക്കുന്നുണ്ടത്.
ചിറക് വെടിഞ്ഞ്
മറ്റൊരു പറവയായതിന്റെ ആഹ്ലാദമാകാം
തൂവൽ മിനുപ്പിൽ
മിടിക്കുന്നുണ്ടെന്തോ, തീർച്ച.
ഒട്ടും വിചാരിച്ചതല്ല
ഒരു കാട് കണ്ടപ്പോൾ
ഉള്ളംകൈയ്യിൽ നിന്നും
അത് പറന്ന് പോകുമെന്ന്,
ഒരു പറവയായിത്തന്നെ
മരത്തിൽ ചേക്കേറുമെന്ന്.



# THE MANGO TREE

Once upon a time there lived a little girl named Mary. She was only 5 years old . She lived with her father and mother. One day Mary's mother got a mango seed. It is in the first time in Mary's life she is seeing a mango seed . Mary's mother digged the soil and planted the seed ,then poured some water on the seed . Years later, the seed became a big mango tree. In a summer season, the mango tree was decorated with red mangoes. Mary's mother and father collected all mangoes and ate all of them together. But when father offered mangoes to Mary she rejected the offer she did not try to eat even a small piece of mango.

Years passed. The mango tree had hardly any mangoes in this season. In one summer day Mary asked her mother for some mangoes. Mary's mother searched mangoes everywhere in the mango tree. After some time she got four mangoes, it was not ripe so she kept it in a sack. At last the mangoes ripe. Mary's mother cut all mangoes into small pieces , but none of them was good. Mary regret for not enjoying the mangoes while it was plenty.



"WE ALWAYS REALISE THE IMPORTANCE OF PEOPLE AND THINGS IN THEIR ABSENCE "

- S. B. Meera Bharathi

LK/2018/43085

Cotton Enoxa



LK/2018/43085

# എന്റെ അമ്മ

സ്നേഹനിധിയാണെൻ അമ്മ
വാത്സല്യനിധിയാണെൻ അമ്മ
ഉമ്മ തരും എന്നമ്മ
എന്നെ പാലൂട്ടി വളർത്തിയ
അമ്മ.....
എന്റെ കണ്ണിലെ കൃഷ്ണമണിപോലാണ്
സ്നേഹത്താൽ എന്റെ
മനസ്സുനിറയ്ക്കുമെൻ അമ്മ
ദൈവമാണെൻ അമ്മ
എന്നെനൊന്തു പ്രസവിച്ച
എൻ അമ്മയെ ഞാൻ എന്റെ
ജീവനു തുല്യം സ്നേഹിക്കുന്നു

അക്ഷര ആർ എൽ

Cotton Enoxa

# FAREWELL



Farewell's are not ending
it is moving on with delight
people are feeding happiness
they are trying to follow the festivals.

Farewells are auspicious
they are colourful
farewells consist of different
type of miscellanies.

Delightful memories of farewells
are still living in us.
The dreams are waved
on the eve of farewells.

Farewells are going
to make
happy moments in our life
enjoy all farewells to
remember your life

LK/2018/43085

# FRIENDSHIP A MIRACLE

.?; HA1h?p, ?t ?1 1om; th?Hg p.; c?ou1 1om; th?Hg 1p; c?al to ;v; .yoH; , ;ach of u1. Now, I .; m; mb; . a famou1 quot; by ou. M?11?; MaH, D.. A.P.J.AbAul Kalam, h; tolA that " .?; HA1 a.; l?k; book1, but a b; 1t f.?; HA ?1 l?k; a l?b.a.y." L; t m; 1ay, f.?; HA1h?p ?1 a .; al uHb.; akabl; boHA wh?ch ;x?1t1 b; tw; ; H two p; opl; , ?.; 1p; ct?v; of ag; , colou., .; l?g?oH, ca1t; , Hat?oH. Th; oHly th?Hg wh?ch matt; . ?1 t.u; lov; . T.u; f.?; HA1 a.; .a.; , 1o ?f you hav; th; m, you 1houlA H; v; . l; t th; m go. Th; y a.; l?k; Aocto.1, b; cau1; th; y t.; at ou. h; a.t. Th; y a.; ou. 1haAow1, alway1 w?th u1 w?thout l; av?Hg, but, ?H ou. 1oc?; ty, a1 th; m?HA of p; opl; a.; full of ;v?l1 aHA 1; lf?1hH; 11, ?t ?1 v; .y A?ff?cult to f?HA a t.u; lov; .

T.u; f.?; HA1 a.; l?k; .o1; , th; y 1p.; aA ou. l?f; w?th f.ag.aHc; . Th; y a.; l?k; oc; aH1, th; y a.; 1o va1t. W?th a 1ha.?Hg m; Htal?ty, alway1 bu1y w?th fuH, fuHHy though lov; , ca.?Hg aHA 1ha.?Hg, a 1houlA; . to c.y, to b; happy ?H ou. laught; . c.; at; 1 a m?.acl; call; A f.?; HA1h?p. Th; th.; aA a1k; A th; caHAl; "why you A?11olv; you.1; lf, wh; H I bu.H". Th; caHAl; 1a?A, "Wh; H tho1; who a.; ?H my h; a.t 1uff; .1, I am bu.H to 1h; A t; a.1". That ?1 f.?; HA1h?p.

LK/2018/43085

Cotton Enoxa

# Fruit of Crookedness

It as a Monday. The first section of the food competition was progressing in the school. Mohan was busily making cake for the competition. He knows how to make tasty cake.Next to him was Jack. Jack don't know how to bake cake but Jack want to became the winner. It was tasting time, to find out the best cake. Teacher was tasting cakes one by one. Jack don't make cakes; so he decided to steal the cake of Mohan.While Mohan went out to wash his hands, Jack steal Mohan's cake and presented the same for tasting. When Mohan came back, he was shocked, because he lost his cake. Jack's stolen cake was selected as the best cake in the first section. Mohan understood that Jack had stolen his  cake.So he decided to play trick in next section, which was on Tuesday. When the second section started Mohan make two cakes. One was testy which he hide under table As usually Mohan went to wash his hands. Jack played same trick again. Jack presented Mohan's cake with bitter taste At the same time Mohan presented tasty cake has won the prize. Jack returned home with regret.

S B MEERABHARATHI
IX E

Cotton Enoxa


# ഗാന്ധിജി അപ്പൂപ്പൻ

കൃഷ്ണ മുരളി
IX D



വടിയും ഏന്തി കൂന്നി കൂന്നി
നടക്കും പല്ലിലാത്തൊരു അപ്പൂപ്പൻ
സ്വാതന്ത്ര്യസമരത്തിനു പോകാൻ
നമുക്കു കരുത്തു തന്നു അപ്പൂപ്പൻ
ഭീരുവല്ലന്നു തെളിയിക്കുവാൻ
വഴി തുറന്നു തന്നൊരു മഹാത്മാവ്
വട്ടകണ്ണാടി വച്ചു നമ്മുടെ മുന്നിൽ
നടന്നൊരു അപ്പൂപ്പൻ .
സ്വാതന്ത്ര്യത്തിന് വേണ്ടി സ്വന്തം ജീവൻ
നൽകിയ ധീരയോദ്ധാവ്
വെള്ളക്കാരുടെ അധികാരത്തെ തകർത്ത്
എറിഞ്ഞൊരു അപ്പൂപ്പൻ
ഭാരതത്തിന്റെ നന്മക്ക് വേണ്ടി
ജയിൽ വാസം അനുഭവിച്ച അപ്പൂപ്പൻ
അടിമത്വത്തെ അവസാനിപ്പിക്കാൻ
ഒറ്റക്കെട്ടായി നിന്നു അന്ന് നമ്മൾ
പേടി എന്നതിനെ ജീവിതത്തിൽ നിന്ന്
അകറ്റി ധൈര്യം പകർന്നൊരു അപ്പൂപ്പൻ
വടിയും ഏന്തി കൂന്നി കൂന്നി
നടക്കും പല്ലില്ലാത്തൊരു അപ്പൂപ്പൻ
അപ്പൂപ്പൻ.....
അപ്പൂപ്പൻ........
ഗാന്ധിജി അപ്പൂപ്പൻ.......

G.H.S.S FOR GIRLS COTTON HILL
THIRUVANANTHAPURAM
LK/2018/43085
little KITEs


Cotton Enoxa
GROW MORE
Give me some sunshine
Give me some rain
Give me another chance,
I want to grow up once again...
ARCHA S SHAJI
X F
G.H.S.S FOR GIRLS COTTON HILL
THIRUVANANTHAPURAM
LK/2018/43085
little KITEs

Cotton Enoxa

Sudden rains are secrets of sudden happiness

# HERE IT COMES..........

Here, came with no warn
The fall of leaves- old have begun
the flowers seems to be bathed in beauty
I could sense the sorrow flee.

The sun's rays cannot peep through
The sky has turned black from blue
The frogs under their umbrellas are celebrating joys
Children are ready with paper boats and toys.

Each drop shines like a precious jewel
The earth is eagerly waiting to fill
the droplets have increased their pace from heaven to earth
The entire life seems dancing in mirth.

HONEYMOL RAVEENDRAN

X E

LK/2018/43085

Cotton Enoxa

# ഇന്ത്യയും ചന്ദ്രനും

വെളിച്ചം പകരുന്ന ചന്ദ്രനും
ധൈര്യം പകരുന്ന ഇന്ത്യയും
ഇന്ത്യയിൻ അഭിമാനം ആകും ചന്ദ്രയാനും
ചന്ദ്രന്റെ വദനത്തിന ഭംഗി തേടി
ചന്ദ്രനോ നമ്മെ നോക്കി ചിരിക്കുന്നു
മാനവഹൃത്തിൽ പ്രതീക്ഷയായി
എല്ലാം ഇന്ത്യ തൻ കഴിവുകൾ തന്നെ
ആദ്യ വിക്ഷേപണം അതോ വിജയകരമായി
പിന്നെയും ഒരു പൊൻതൂവൽകൂടി
അഭിമാനിക്കൂ... അഭിമാനിക്കൂ...
എൻ മാനവരെ

LK/2018/43085

G.H.S.S FOR GIRLS COTTON HILL THIRUVANANTHAPURAM

KITEs

# JONATHAN LIVINGSTONE SEAGULL

*Jonathan is a seagull. Usually wings for seagulls are for helping them finding their food. When waves of ocean come and goes, there will be bursting bubbles on the floor. It shows the sign of shells on the ground, if waves comes when these birds searching their food , they can escape from the waves by flying . But Jonathan don,t like using wings for searching food . He use wings to fly freely on the sky practising new ways of flights mixed with aerobics . But Jonathan,s parents don,t like him wasting time for flying . They advice him that our culture is to use wings for searching food not for flying . Jonathan nodded his head and said that 'tomorrow onwards I search food ' . As per his promise he started his search for food on the next day . But after some times he felt bored , so he go back and started flying . Everyday he increased his destination as he is challenging himself . One day he fixed hundred miles per hour as a destination and he was almost at the point , but suddenly something made him fall down in the ocean and this force made a small bend in the tip of his wing . He was so sad that he can't reach his destination . It was night . It was the moon light which increased his thoughts and sadness . He started to say that ' I will stop practising flight; My parents were right; mine is to search food. But suddenly a second thought came to his mind' What if I try again?' He tried again and it was a brilliant success . But the thing he forgot to notice was the law that 'seagull should not fly at night as the owl has an eye on them '.*

*On the next morning the gulls formed an assembly . The main leaders of the assembly welcomed Jonathan to the centre. In their way the gulls have to call them to the centre for celebrating 'ashame' or 'importance '. Jonathan thought that they called him to appreciate him , that they had seen his work . But the members called him to the centre for ashaming him . When Jonathan heard this he was shocked and became sad and got puzzled that why should I be ashamed . Then one seagull said "You had broke the law" . Jonathan request them to show his talent to them but no one want to see. He left the place and went to an another place . There he freely practised his flights , there he met three birds . Jonathan test them by flying over the mountains and soon he realised that they are my unborn brothers. They advised him to travel to the heaven , first he was afraid to go to the heaven , then he with determination went to the heaven . At a moment his wings became lighter ,*

*brighter and started to shine by himself. But at a moment he became normal again . Then a question arrived at his mind that " Does heaven has any limitations ?" For finding answer for this question , he met with a master . Jonathan asked his doubt to him , suddenly he disappeared and came behind him and touched him . Jonathan was shocked and stunted . Suddenly his master answered him that if you want to know what is heaven then you have to start learning space and time . Your education starts now for two months . Days passed . One evening when Jonathan was meditating , his master said to open his eyes ; the soil colour was changed , the sun became two and the sky became green . Now he understood that he was on an another planet . He became extremely happy and studied more by staying there . But his brothers were searching him . By evening he reached his planet and explained what happened to his brothers . After some day the master called Jonathan alone and said 'it's time for me to go , you should teach new lessons to the younger and practise your lesson too . Remember one thing that you are not limited on your body ; you are free '. By saying this a bright light scattered him into the atmosphere . Jonathan obeyed him and done as he said .*

*After one more month his brothers went back home . Jonathan trained his students and trained himself too . When his student an expert one was sad of his flights Jonathan inspired him saying that ; there was a senior student who was expert in flying but got a fracture in wing but still he said I want to fly more . Jonathan then said , you are free and you can fly . Suddenly he stood up stretched his wings and started to fly . This inspired the students . One night he called his dearest student to come near him . At that time he remembered the moment when he met his dearest student at first ' it was mess when I heard a child crying , I came to you and take you and return you to your mother . In return for this she promised me that you will be my student forever ' After some time the student came . Jonathan said to him that its 'time for me to go the thing is to remember is that you are not limited ; you are free ' by saying this he scattered into the atmosphere . The student stood above the rock and said ' I am your new teacher. Let's start with the flight . At this time the student merged into Jonathan.* ◉

**S.B. Meera Bharathi**
**IX E**

# കടൽ

കടലിനുമുണ്ടൊരു കഥ പറയാൻ
ആഴക്കടലിൻ കഥ പറയാൻ
കടലിനുമുണ്ടൊരു കഥ പറയാൻ
ചെറുമീനുകളുടെ കഥ പറയാൻ
വൻ മീനുകളുടെ കഥ പറയാൻ
കടലിനുമുണ്ടൊരു കഥ പറയാൻ
കടൽ ദീപുകളുടെ കഥ പറയാൻ
ആഴക്കടലിൻ അടിയിലുള്ള
പുൽ മെടുകളുടെ കഥ പറയാൻ
കടലിനുമുണ്ടൊരു കഥ പറയാൻ
ആഴക്കടലിൻ കഥ പറയാൻ

ഗാഥ പി വൈ
IX A

# മഴ...

മഴ എന്റെ മാത്രം അല്ല! നമ്മുടെ
എല്ലാവരുടെയും ആണ്. നമ്മളിൽ പലരും
ഒട്ടുമിക്ക സങ്കടങ്ങളും സന്തോഷങ്ങളും പങ്കിടുന്ന
ഒരുനല്ല കൂട്ടുകാരനാണ് മഴ. എന്തുപറഞ്ഞാലും
അവയെല്ലാം ശ്രദ്ധയോടെ കേൾക്കുകയും
നമ്മെ ആശ്വസിപ്പിക്കുകയും ചെയ്യുന്ന നല്ല
സുഹൃത്താണ് അവൾ. മഴത്തുള്ളികൾ
മണ്ണിലേക്ക് വീഴുമ്പോൾ ഉണ്ടാകുന്ന സുഗന്ധം
നമ്മെ മറ്റൊരുലോകത്തേക്ക് കൊണ്ട്
പോകുന്നു. മഴ കണ്ണിന് കുളിർമയും
കാതിനിമ്പവും ഏകുന്നു. മഴയുടെ വരവ്
നമ്മുടെ ഹൃദയത്തെ ആനന്ദഭരിതമാക്കുന്നു.

അലെൻഡ വി
IX E

# MUSIC EFFECTS ON HUMAN BODY

Music is a form of an act that has accompanied humankind since the origin of our species, from our cave-dwelling ancestors to modern synthesizers and computer programs that create new musical sounds.

Human beings have constantly tried to surround themselves with music. Research has shown that music can positively impact plants and animals, and can provide beneficial effects to human health.

Music as been found to lower blood pleasure; changes in the autonomous nervous system like breathing, heartbeat, etc. This helps to create "relaxation responses". Music improves mood, boosts the immune system, reduces eating disorder symptoms and helps fighting cancer. Music has powerful positive effects on human beings. Classical music improves the duration and intensity of concentration in all age groups. Music with a strong beat stimulates brain waves to resonate with them. Music conforms to a sleepy relation between emotions and information which can be remembered much easier during playing back the song. Today, music is an extremely popular and available form of entertainment. People of all ages attend concerts of their favorite band or singers and show the same positive energy there. Music stimulates a person both mentally and physically, thus strongly being a part of human life.

# നെല്ല്

നമ്മുടെ മുഖ്യ അഹാരം ചോറാണ് ചോറുണ്ടാക്കാൻ ഉപയോഗിക്കുന്ന അരി ലഭിക്കുന്നത് നെല്ലിൽ നിന്നാണ് .പല തരത്തിലുള്ള നെല്ലിനങ്ങളുണ്ട് നമ്മുടെ സംസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിനെക്കാൾ കൂടുതൽ നമ്മൾ ഉപയോഗിക്കുന്നതിനാൽ മറ്റു സംസ്ഥാനത്തെ ആശ്രയിക്കേണ്ടിവരുന്നു.കാരണം നമ്മുടെ വയലുകൾ ധാരാളമായി നികത്തപ്പെടുന്നു .നമ്മൾ കൃഷി ചെയ്തുണ്ടാക്കുന്ന നെല്ല് പണ്ട് ധാരാളമായുണ്ടായിരുന്നു .ഇപ്പോൾ നമ്മുക്ക് വയലുകൾ കുറവായിരിക്കുന്നു.പണ്ട് ധാരാളം നെല്ല് വിളഞ്ഞിരുന്ന നെല്പാടങ്ങളുടെ സ്ഥനത്ത് ഇന്ന് വലിയ വലിയ കെട്ടിടങ്ങൾ കാണപ്പെടുന്നു

നികിത എസ്

Cotton Enoxa

# നൊമ്പരമാണെന്റെ ബാല്യം

കുഞ്ഞുവിരലിന്റെ
നൊമ്പരമാണെന്റെ ബാല്യം

സ്നേഹവായ്പിന്റെ
നൊമ്പരമാണെന്റെ ബാല്യം

കളിചിരികളുടെ
നൊമ്പരമാണെന്റെ ബാല്യം

പൊൻ ചിരി വിളക്കിന്റെ
നൊമ്പരമാണെന്റെ ബാല്യം..

ദേവിക രാധാകൃഷ്ണൻ
X F

Cotton Enoxa

# Mind Sparker



G.H.S.S FOR GIRLS COTTON HILL
THIRUVANANTHAPURAM

**LK/2018/43085**

little KITEs

Cotton Enoxa

# ഓർമ്മകൾ

ഗാഥ പി ജെ
IX A



നീ ഉപയോഗിച്ച തൊട്ടിലും
കഴിച്ച പഴവും
കളിച്ച ഇലയും
കളിച്ചൊളിച്ചതും
ഉറങ്ങുമ്പോൾ വാരിപ്പുണർന്നതും
കിടന്ന കട്ടിലും
പുസ്തകവും
പാത്രവും
വസ്ത്രവും
എല്ലാം ,
നിന്നോടൊപ്പം അതും
അതിനോടോപ്പം നീയും
എന്നെന്നോക്കുമായി ഓർമ്മയാകുന്നു..........

G.H.S.S FOR GIRLS COTTON HILL
THIRUVANANTHAPURAM

LK/2018/43085

little KITEs

# സംഖ്യ

കളിയുടെ ഒറ്റ സംഖ്യയിൽ നിന്നും
യാഥാർഥ്യത്തിന്റെ ഇരട്ട
സംഖ്യയിലേക്കുള്ള ദൂരം
എത്ര ചെറുതാണ്? അല്ലേ?
ജിവിതത്തിൽ !

ഗാഥ.പി.വൈ

# Power of Friendship

Friendship is the most powerful weapon in the world. When I got sad my friends would came up and cheer me up when I had a problem the will some how try to solve it. They will stand by my side no matter what they will support me. If I am wrong they will correct me. I can openly talk to my friends. They make me laugh. Whenever we go we make a lot of friends. It does mean that by making new friends to forget the old once.

Niveditha . S. Vishnu
IX E

# പ്രളയകാലം കടന്ന്

രണ്ടായിരത്തി പതിനട്ടിലെ മൺസൂൺ കാലം പശ്ചിമഘട്ടം താങ്ങും തണലുമായി സംരക്ഷിച്ചുപോന്ന കേരളത്തെ, പ്രളയവും ഉരുൾ പൊട്ടലും തച്ചുതകർക്കുന്ന കാഴ്ച്ച നിർവികാരത്തോടെ കണ്ടുനിൽക്കേണ്ടി വന്നു കേരളിയർക്ക് . പ്രകൃതിയുടെ മേൽ പലപ്പോഴായി നാം നടത്തിയ പ്രവർത്തനങ്ങൾ വൻദുരന്തങ്ങളായി നമ്മേ തേടിയെത്തുമെന്ന് അതു നമ്മെ പടിപ്പിച്ചു .പശ്ചിമഘട്ടത്തിലെ അടിത്തട്ട് സംരക്ഷിച്ചുവെച്ചിരുന്ന വളക്കൂറുള്ള മണ്ണ് പ്രളയജലത്തിൽ കലങ്ങിമറിഞ്ഞ് അറബിക്കടലിന്റെ ആഴങ്ങളിൽ ചെന്നുചേർന്നു. പ്രകൃതിയെ അറിയാതെ, അവഗണിച്ചുകൊണ്ടുള്ള വർത്തമാനകാലം കേരളീയന്റെ വികസനകാഴ്ച്ചപ്പാട് സർവ്വനാശത്തിലേക്കാണ് അതിവേഗം ഓടിക്കൊണ്ടിരിക്കുന്നത് എന്ന യാഥർത്ഥ്യത്തിനു മുന്നിൽ പകച്ചുനിൽക്കുകയാണ് നാം ഓരോരുത്തരും . കാരണങ്ങൾ എന്തുതന്നെയായാലും ഈ പ്രളയം പാരിസ്ഥിതിക നിലനിൽപ്പിന് നാം കൂടുതൽ കരുതലോട്ടുകൂടിയ നടപടികൾ സ്വീകരിക്കണം എന്ന മുന്നറിയിപ്പാണ് നൽകുന്നത് .

2018 ജൂൺ , ജൂലൈ,ആഗസ്റ്റ് മാസങ്ങളിൽ കണ്ണൂർ മുതൽ പത്തനംതിട്ട വരെ ഏതാണ്ട് ആയിരത്തോളം തീവ്രമായ ഉരുൾപ്പൊട്ടൽ ഉണ്ടായി. ആ പ്രദേശങ്ങളിലെ ജൈവ-പാരിസ്ഥിതിക സന്തുലനത്തിന് ഇത് വലിയ ആഘാതം സൃഷ്ടിക്കുകയും ചെയ്തു. വളരെ ചെറിയ ഒരു സംസ്ഥാനമായ കേരളത്തിലെ ഭൂവിസ്ത്രൃതിയുടെ നാല്പ്പതു ശതമാനത്തോളം പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് പശ്ചിമഘട്ട മേഖല. ജൈവ വൈവിധ്യത്തിന്റെ ആവാസകേന്ദ്രം കൂടിയായ ഈ മേഖല പരിസ്ഥിതിലോല പ്രദേശം കൂടിയാണ് എന്ന തിരിച്ചറിവ് നാം ഓരോരുത്തർക്കും വേണ്ടതാണ്. ഉരുൾ പൊട്ടലുകളും മറ്റു പ്രകൃതി ദുരന്തങ്ങളും ഏറെ ഉണ്ടാകാൻ സാധ്യതയുള്ള മേഖലയാണിത്.

അതിവൃഷ്ടിമാത്രമല്ല, മനുഷ്യന്റെ ഇടപെടലുകളും അശാസ്ത്രീയമായ ഭൂവിനിയോഗവും ജലസംഭരണികളുടെ നിർമ്മാണവും പാറപ്പൊട്ടിക്കലും, സ്വാഭാവിക ജലനിർഗ്ഗമന മാർഗത്തെ തടസ്സപ്പെടുത്തിയുള്ള തടയണകളുടെ നിർമ്മാണവും ഉരുൾപ്പൊട്ടലുകളുടെ തീവ്രത വർദ്ധിപ്പിക്കുന്നു. ഖനന പ്രവർത്തനങ്ങളുടെ ഭാഗമായി ഉണ്ടാകുന്ന പ്രകമ്പനങ്ങൾ മേൽമണ്ണിന്റെ ദൃഢതയെ സാരമായി സ്വാധീനിക്കുന്നു. ഇത് ഉരുൾപ്പൊട്ടലിന്റെ തീവ്രത വർദ്ധിപ്പിക്കും.

ഇനി പ്രളയാനന്തര കാര്യമായാലോ? സംഭവിച്ചു കഴിഞ്ഞപ്രളയത്തിന്റെ സാമ്പത്തിക കണക്കെടുപ്പ് ദീർഘകാല പ്രത്യാഘാതങ്ങളുടെ നാശവും പക്ഷിമൃഗാദികളുടെ നാശവും കൃഷിഭൂമിയുടെ നാശവും കണക്കാക്കുമ്പോഴും ദീർഘകാല സാമ്പത്തിക പ്രത്യാഘാതത്തിലേക്ക് അത് നീളുന്നില്ല. ആരോഗ്യ പ്രതിരോധ പ്രവർത്തനങ്ങൾ, പകർച്ചവ്യാധികളുടെ നിയന്ത്രണം, പുനർനിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ അടിയന്തരമായി നിർവ്വഹിക്കേണ്ട സാമ്പത്തിക ബാധ്യതകളാണ്. അതോടൊപ്പം മണ്ണിനും പരിസ്ഥിതിക്കും ഇതേൽപ്പിച്ച ദീർഘകാല പ്രത്യാഘാതങ്ങളും സാമ്പത്തിക ബാധ്യതയുടെ ഭാഗമാണ്. പ്രളയജലം കെട്ടിനിന്നത് അമ്ലീകരണത്തിനും മണ്ണിലെ ജൈവഘടകങ്ങളുടെ നാശത്തിനും ലവണീകരണത്തിനും ഇടയാക്കി. സമുദ്രത്തോട് ചേർന്ന് നിന്ന തീരപ്രദേശങ്ങളിൽ സമുദ്രജലം എത്തിയത് ലവണീകരത്തിന്റെ തോത് വർദ്ധിപ്പിക്കാനും ഇടയാക്കി. അങ്ങനെ മേൽമണ്ണ് നഷ്ട്ടപ്പെട്ട ഒരു പ്രദേശമായി കേരളം മാറി.

അജയകുമാർ.ബി

(സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ)


Cotton Enoxa
പ്രണയം
നീ എന്റെ പ്രാണനായി തീരുന്ന ഈ നേരം
ഉമ്മറത്തിണ്ണയിൽ കാതോർത്തു ഞാനിരുന്നു.
ഒരു നിമിഷമെങ്കിലും നിൻ സ്വരം ഞാൻ കേൾക്കുവാൻ
ഞാൻ കാതോർത്തിരുന്നു.
നീ നൽകിയ ഓർമ്മചിന്തകൾ
എന്നെ തഴുകുമ്പോൾ.
അറിയാതെ നിന്നെ ഞാൻ സ്നേഹിച്ചുപോയി......
കിളിനാദമായി നിൻ
സ്നേഹനീർതുള്ളികൾ
ഒരു കുഞ്ഞാറ്റയായി തഴുകുമ്പോൾ
അനാമിക
X F
G.H.S.S FOR GIRLS COTTON HILL
THIRUVANANTHAPURAM
LK/2018/43085
Little KITEs

# PROMISE

No matter how many times

we fight

I'm never going to

stop loving you

I'll keep my promises

to you, and never

give up on us...............



NANDANA SUNIL
X F

Cotton Enoxa

# മരണം

മരിച്ചുകഴിഞ്ഞപ്പോൾ
എനിക്കുനിന്നോടകൽച്ച തോന്നി.
കൊത്തുപണികളലങ്കരിച്ച
പൂമുഖവാതിലടക്കുമ്പോൾ
ഉള്ളിലുറയുന്ന ഏകാന്തതപോലെ,
ആരവങ്ങൾ നിലച്ചപ്പോൾ
എന്തെന്നില്ലാത്ത വിരക്തി തോന്നി....
പരാജിതരുടെ ഗാനവുമായി
മരിച്ച ആത്മാക്കൾ
മുൻപേ നടക്കുമ്പോൾ
പിറകേ വിളിക്കാത്തതോർത്ത് വേദന
തോന്നി...
പടവുകൾ....പിന്നയും പടവുകൾ
കിതച്ചു താണ്ടവേ
കാലുകൾ കനമില്ലാതെ പിറകിലായി
തുടിച്ചു മതിയായ ഹൃദയം
വെറുമൊരു രക്തകട്ടയായി
മണ്ണുതിന്നേ
ഗദ്ഗദം പൂണ്ടൊരു പാട്ടുമൂളാൻ തോന്നി.
എത്ര ചേർത്തടച്ചിട്ടും
വിടവവശേഷിച്ച ജനൽപ്പാളിയിലൂടെ
വിറയ്ക്കുന്ന ദീപനാളം കാൺകേ
കെടാതെ കാക്കാനൊകാസക്തി തോന്നി.
എങ്കിലുമോമലേ നീ മരിക്കുമ്പോൾ
കോർക്കാത്ത മൊഴിമുത്തുകൾ
ഇരുട്ടിലെറിഞ്ഞു വിശ്രമിക്കുന്നു
എന്നോർത്ത് ആശ്വാസം തോന്നി.....

നന്ദന എസ്
X B

G.H.S.S FOR GIRLS COTTON HILL
THIRUVANANTHAPURAM

LK/2018/43085

little KITEs

Cotton Enoxa



by Angel G Oswin

LK/2018/43085

Cotton Enoxa

# SHE WAS MY ........

Looking up to this sky
I saw something sparkling like her eyes.
Reddish like her lips
and rosy like her cheeks
just for a speed of light.

The sky is fading
the moon is hiding
and the stars are leaving
still, now she's there.

She's mine
and we are together
before the sun rises today
but now she's somewhere,
with someone,
I'm alone in this bush.

I don't even know
why I'm remembered of her
and why I worry about her
but still somehow
I love her I feel her.

-Loquacious

LK/2018/43085

# Space on Wheels

The mobile exhibition flagged off by Dr.S. Somanath at G.G.H.S.S.COTTONHILL .Here one of six rolled out by the ISRO across the country to mark the birth centenary of Vikram Sarabhai and the 50th anniversary of the formation of ISRO.

Space on wheels, a mobile exhibition unit of the Indian space research organisation started by 18th November 2019 was inaugurated by Somanath director of Vikram sarabhai space centre with an expression that it would inspire school children to learn more about the Indian space programme.

Space on wheels is arranged inside a bus and features scale models of ISRO launch vehicles such as PSLV,GSLV,SLV,GSLV Mark III space applications and the launchers such as the 1st launch pad and the 2nd launch pad at the Sathish Davan space centre Sreeharikkota.

One of the main attraction of the exhibition was Mars orbiting mission Mangalyaan. Mangalyaan or MOM is a space probe orbiting Mars since 24 September 2014. It was launched on 5 November 2013 by the ISRO. It is the first interplanetary mission. The Mars orbiter probe lift off from the first launch pad using PSLV at Sriharikkotta.

The objectives of the mission is to:

* Exploration of Mars

* Study about the constituents of the atmosphere including methane.

* Study about the dynamic of the Mars atmosphere.

Chandrayan-1, 2,cartosat -1 and HAMSAT satallites were launched here.

The other major attraction was IRNSS or the Indian regional navigation satellite system with an oparational name of NAVIC or navigation with indian constellation is an autonomous regional satellite navigative system that provides accurate real time position and timing service. There 7 satellite in this system. Four of them are geosynchronous and remaining are geostationary satellite. This satellite collect all datas and informations under 3600 sq.km area.

The mobile exhibition was a grand sucess having having an aim that it will spark the apatite for astronomy in the minds of young students.



By
S. B .Meerabharathi

# ശുചിത്വ ഭാരതം

ശുചിത്വമുള്ള ഭാരതം
നമുക്കുവേണമെന്നുമേ
ശുചിത്വപൂർണ്ണമാകുവാൻ
വേണ്ടതൊക്കെ ചെയ്തിടാം

സ്വാതന്ത്ര്യരായി പിറന്ന നാം
മിടുക്കരായി വളർന്നിടാൻ
ബുദ്ധിയുള്ള ജനതയായി
പിറന്ന നാടിൻ നന്മയായി

കാലമെന്ന വാക്കിനർത്ഥ-
മേറിവന്ന നാൾ മുതൽ
വൃത്തിയും വെടിപ്പുമെന്ന -
ബോധമുള്ളിൽ നിറയണം

ഒരൊറ്റ ഇന്ത്യയെന്നൊരു
ചിന്തയുള്ളിൽ വളരണം
അഖണ്ഡതയ്ക്കു കാവലായ്
നമ്മളൊന്നായി നിൽക്കണം

നോക്കിലും നടപ്പിലും
കർമമെന്ന വാക്കിലും
ഉറച്ചനീതി കാട്ടണം
മർത്യനുള്ള നാൾവരെ

സുലോചന ശാസ്താംകോട്ട
(മലയാളം അദ്ധ്യാപിക)



# COTTON ЕПОХА

A DIGITAL MAGAZINE BY THE LITTLE KITES MEMBERS OF GGHSS COTTONHILL

2019-20

LK/2018/43085


USE





Digital painting by, ANAGHA K RAMANAN
(LITTLE KITES UNIT LEADER)



Digital painting by, ANAGHA SURESH

Cotton Enoxa



# carpe diem

LK/2018/43085